# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1273.**

**06-03-2018 ൽ മറുപടിയ്ക്ക്**

## നെൽകൃഷി പ്രോൽസാഹനവുമായി ബന്ധപ്പെട്ട് നൽകിവരുന്ന സഹായങ്ങൾ

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെൽ-കൃഷി ഉണ്ടായിരുന്നത്; ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2015-16 സാമ്പത്തിക വർഷം) 196870 ഹെക്ടറായിരുന്നു സംസ്ഥാനത്തെ നെൽകൃഷി. നടപ്പുവർഷം (2017-18 സാമ്പത്തിക വർഷം) 220449.375 ഹെക്ടർ കൃഷി ചെയ്തിട്ടുണ്ടെന്നാണ് കൃഷി വകുപ്പിന്റെ നക്കൽ കണക്ക്. |
| (ബി) | നെൽകൃഷി പ്രോൽസാഹനവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഇതുവഴി മുൻവർഷത്തെ അപേക്ഷിച്ച് ഉത്പ്പാദനം വർദ്ധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. (പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു) നടപ്പുവർഷത്തെ ഉല്പാദനം സംബന്ധിച്ച അന്തിമ കണക്ക് മൂന്നാം വിള കൊയ്ത്ത് കഴിഞ്ഞാൽ മാത്രമേ ലഭിക്കുകയുള്ളൂ. |
| (സി) | വരൾച്ചയിലും കാലവർഷത്തിലും കൃഷി-നാശം നേരിടുന്ന നെൽകർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകി-വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കടുത്ത വരൾച്ചയും കാലവർഷവും മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതി-നായി നെൽ കർഷകർ മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും എല്ലാ കർഷകരും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നെൽകൃഷി ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകരുടെ കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടാൽ ഹെക്ടർ ഒന്നിന് 35,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി മുഖേന വിള ഇൻഷ്വർ ചെയ്തിട്ടുള്ള പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ നെൽകർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്. മറ്റു ജില്ലകളിലെ നെൽകർഷകർക്ക് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി മുഖാന്തിരം ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.<br>അവിചാരിതമായ കാരണങ്ങളാൽ വിത്ത് മുളയ്ക്കാത്ത സാഹചര്യം ഉണ്ടായാൽ അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനായി പ്രകൃതിക്ഷോഭം അഭിമുഖീകരിക്കുന്നതിനുള്ള കരുതൽ നടപടി പദ്ധതി മുഖാന്തിരം സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി സൗജന്യമായി വിത്ത് അനുവദിക്കാറുണ്ട്.<br>ഇൻഷ്വറൻസ് പദ്ധതി മുഖാന്തിരം ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർക്ക് പ്രകൃതിക്ഷോഭം മൂലം വിള നഷ്ടപ്പെട്ടാൽ ഹെക്ടർ ഒന്നിന് 13,500/- രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നടപ്പ് വർഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.

### * സുസ്ഥിര നെൽകൃഷി

സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ ഈ ഘടകത്തിൽ 167487 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി 2012 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

### * വികസന ഏജൻസികൾക്കുള്ള ഫണ്ട്-

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

(ഓണാട്ടുകര വികസന ഏജൻസി, തുറവൂർ കരിനില വികസന ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ കോൾ വികസന ഏജൻസി, കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, പൊന്നാനി കോൾ വികസന ഏജൻസി, പൊക്കാളി നെൽകൃഷി വികസന ഏജൻസി എറണാകുളം) ഈ ഘടകത്തിൽ ഇതുവരെ 4 ഏജൻസികൾക്കായി 104 ലക്ഷം രൂപ അനുവദിച്ചു.

### * പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം -

പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. ഈ ഘടകത്തിൽ 1190 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടത്തി 106.2 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു

### * പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-

പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83333.33 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. 2016-17 വർഷം ഈ ഘടകത്തിൽ 81791.9 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തി 269.9 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

### * കരനെൽകൃഷി വികസനം-

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 350 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. ഈ ഘടകത്തിൽ 2723.05 ഹെക്ടർ സ്ഥലത്ത് കരനെല്ല് ചെയ്യുന്നതിനു 349.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

* **തരിശുനില കൃഷി**

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30000 രൂപയും രണ്ടാം വർഷം 7000 രൂപയും നൽകുന്നു. 2017-18 വർഷത്തിൽ 2956.7 ഹെക്ടർ സ്ഥലത്താണ് തരിശു നിലത്തിലെ കൃഷി ഉദ്ദേശിച്ചിരുന്നത്. 5223 ഹെക്ടർ ഭൗതിക നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.പല ജില്ലകളിലും ലക്ഷ്യമിട്ടതിലും കൂടുതൽ തരിശുനിലം കൃഷി ചെയ്യിക്കാൻ സാധിച്ചു എന്നത് തന്നെ ഈ ഘടകത്തിന്റെ സ്വീകാര്യതയാണ്.

- **ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി**

ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 1500 ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. 2252.04 ഹെക്ടർ സ്ഥലത്ത് ഇത് നടപ്പാക്കി 86.48 ലക്ഷം രൂപ ചെലവഴിച്ചു.

* **പദ്ധതിയധിഷ്ഠിത ധനസഹായം**

നഗര പ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റും നെൽ കൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകുന്നുണ്ട്. ആയതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

* **നൂതന ആശയങ്ങൾ നടപ്പാക്കുന്നതിന് ധനസഹായം**

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ ആണ് നെൽ വർഷമായി ആചരിച്ചത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആണ് പ്രധാന ലക്ഷ്യം . ആയതിലേക്ക് 262 ലക്ഷം രൂപ ഉൾകൊള്ളിച്ചിരിക്കുന്നു.

* **ബ്ലോക്ക് തലത്തിൽ പദ്ധതി സംയോജനം**

നെൽകൃഷി മേഖലയിൽ കേന്ദ്ര /സംസ്ഥാന/ തദ്ദേശസ്വയംഭരണ സ്ഥാപന ആനുകൂല്യങ്ങൾ സംയോജിപ്പിച്ചു ഏകീകരിച്ച രീതിയിൽ താഴെത്തട്ടിൽ നടപ്പാക്കുന്നതിനായും ഒന്നിലധികം പഞ്ചായത്തുകളിലായി വരുന്ന പാടശേഖരങ്ങളിൽ പൊതു ഞാറ്റടി, തോട് നവീകരണം, കൊയ്ത്തു മെതി യന്ത്രങ്ങൾ ഉറപ്പാക്കൽ, മില്ലുകൾ സ്ഥാപിക്കൽ, മറ്റു സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾ എന്നിവക്കുമായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

* **റൈസ് മില്ലുകൾ സ്ഥാപിക്കൽ**

പാടശേഖര സമിതികൾ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവക്ക് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയധിഷ്ഠിതമായി ആണ് ധനസഹായം നൽകുക.

ഇത് കൂടാതെ നെൽകൃഷി വികസനത്തിനായി താഴെ പറയുന്ന പദ്ധതിയേതര (NP) പദ്ധതികളും നടപ്പിലാക്കിവരുന്നു.

* **നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ) -**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

- **കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ) -**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി നൽകി വരുന്നു.

സെക്ഷൻ ഓഫീസർ